## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.268** 28.11.2018 - ൽ മറുപടിയ്ക്ക്

**മരുന്നിന്റെയും സർജിക്കൽ ഉപകരണങ്ങളുടെയും ക്ഷാമം**

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ) | |
|---|---|---|---|
| (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഉപകരണങ്ങളുടേയും മരുന്നുകളുടെയും സ്റ്റോക്ക് 2018 സെപ്റ്റംബർ മാസത്തോട് കൂടി തീരുവാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അശ്രദ്ധമായും ധൃതിപിടിച്ചും ഇൻഡന്റ് തയ്യാറാക്കിയതാണ് സ്റ്റോക്ക് തീരുവാൻ ഇടയാക്കിയതെന്ന് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | മരുന്നിന്റേയും സർജിക്കൽ ഉപകരണങ്ങളുടേയും ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) | കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ജില്ലയിലെ ഡന്റൽ കോളേജ് ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ആശുപത്രികളിലും ഉണ്ടായിരുന്ന മരുന്നുകളിൽ ആവശ്യമായത് കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (സി) | മരുന്നിന്റേയും സർജിക്കൽ ഉപകരണങ്ങളുടേയും ക്ഷാമം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) | സംഭവത്തെക്കുറിച്ച് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അഡീഷണൽ സൂപ്രണ്ട്, ആർ.എം.ഒ എന്നിവരടങ്ങിയ കമ്മിറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കുമോ? | (ഡി) | അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## റിപ്പോർട്ട്

വിഷയം : വാർഷിക ഇന്റന്റിൽ വന്ന കുറവിനെ സംബന്ധിച്ചുള്ള പത്രവാർത്ത

ഇത് സംബന്ധിച്ച് സ്റ്റോർ സൂപ്രണ്ടായ ശ്രീ.ജോർജ്ജിനോടും ആഗസ്റ്റ് 2018 ന് റിട്ടയർ ചെയ്ത മുൻ ഫാർമസിസ്റ്റ് ശ്രീ.കെ.എം.അനിൽകുമാറിനോടും നേരിട്ടും എഴുതിവാങ്ങിയതുമായ explanation ൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ കമ്മറ്റിയുടെ ശ്രദ്ധയിൽപെട്ടു.

അഞ്ച് സെക്ഷനിലെ റിപ്പോർട്ട് പ്രകാരമാണ് വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നത്.

1. 2017 സെപ്തംബർ 9–നാണ് ശ്രീ.ജോർജ് സ്റ്റോർ സൂപ്രണ്ടായി ഗവ. മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചാർജെടുക്കുന്നത്. ഒക്ടോബർ 17 നോടു കൂടിയാണ് 2018–19 ലേക്കുള്ള വാർഷിക ഇൻഡന്റ് സമർപ്പിക്കുന്നത്.

2. 1. Costly section by Mr. Murali Mohan.
   2. Non. Costly section by Mr. Gireesh
   3. Miscellanious Section by Mr. K.P. Anilkumar.
   4. X'ray items by Mr. Rajan.
   5. Surgical items by Mr. Anilkumar.

3. ഈ അഞ്ച് സെക്ഷനുകളിലെ റിപ്പോർട്ട് പ്രകാരമാണ് തയ്യാറാക്കുന്നതെങ്കിലും, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്റ്റോർ സൂപ്രണ്ടിനു മാത്രമാണ്. ഈ അഞ്ചു സെക്ഷനിൽ ഉള്ള ആൾക്കാരും സ്റ്റെനോഗ്രാഫർ ശ്രീമതി. ദിവ്യക്ക് കാര്യങ്ങൾ പറഞ്ഞു കൊടുത്ത് ടൈപ്പ് ചെയ്ത് അവസാന റിപ്പോർട്ട് സ്റ്റോർ സൂപ്രണ്ടിനെ കാണിച്ച് approval വാങ്ങിയാണ് അയക്കുന്നത്.

4. 2018 ജൂലൈ മാസത്തോടെയാണ് ഇൻഡന്റ് ചെയ്ത മുഴുവൻ സാധനങ്ങളും വാങ്ങിക്കഴിഞ്ഞതായി അറിയിപ്പ് കിട്ടുന്നത്. കുറവുള്ള മുഴുവൻ സാധനങ്ങളും സർജിക്കൽ വിഭാഗത്തിലേത് മാത്രമായിരുന്നു.

5 സാധാരണയായി മുൻവർഷത്തേക്കാൾ 10% മരുന്നും മറ്റുപകരണങ്ങളും അധികമായാണ് ഇൻഡന്റ് ചെയ്യാറുള്ളത്. എന്നാൽ 2018–19 –ലെ ഇൻഡന്റ് 2017–18 ലേക്കാൾ അഞ്ചു കോടിയോളം കുറവാണ് ചെയ്തത്.

63 വിഭാഗത്തിലാണ് സർജിക്കൽ സെക്ഷനിലെ ഇൻഡന്റിൽ കുറവ് വന്നത്. ഇത് മൂലം പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടായി.

ഫൈനൽ റിപ്പോർട്ടിന്റെ പൂർണ്ണമായ ഉത്തരവാദിത്വം സ്റ്റോർ സൂപ്രണ്ടിന് മാത്രമാണ്. എന്നാൽ ശ്രീ.അനിൽകുമാർ ഗവ.സർക്കുലർ ക്വാട്ട് ചെയ്തുകൊണ്ട് അറിയിച്ചിട്ടുള്ളത് ദീർഘമായ പ്രവർത്തിപരിചയമുള്ള ആൾ ഒരു മുന്നറിയിപ്പോ, അഭിപ്രായമോ രേഖപ്പെടുത്താതെ മൗനം പാലിക്കുന്നത് എന്തോ മറച്ചുവെക്കാനുള്ളതുപോലെ തോന്നിക്കുന്നു.

ശ്രീ.ജോർജ്ജ് നൽകുന്ന വിശദവിവരങ്ങൾ ഇവയാണ്.

1. വരാന്തകളിൽ വൻതോതിൽ സ്റ്റോക്ക് കെട്ടികിടക്കുന്നു. അതുപയോഗിച്ച് തീരാതെ കൂടുതൽ വാങ്ങിക്കൂട്ടുന്നത് വേസ്റ്റ് ആകുവാൻ ഇടവരുത്തുന്നു.

2. സർജിക്കൽ സെക്ഷനിൽ നിന്നും കുറച്ചാണ് ഇൻഡന്റ് വന്നത്.

3. മറ്റ് സഹപ്രവർത്തകരെ പൂർണ്ണമായി വിശ്വസിച്ച് കാലവിളംബം ഇല്ലാതെ ഇൻഡന്റ് സമർപ്പിക്കേണ്ടതിനാൽ, കൂടുതൽ മാറ്റങ്ങൾ വരുത്താതെ സമർപ്പിച്ചപ്പോൾ അവിചാരിതമായി കുറവ് വന്നു. മാത്രമല്ല മറ്റു മേലുദ്യോഗസ്ഥൻമാർ Scrutinize ചെയ്യുമ്പോൾ അപാകത ചൂണ്ടിക്കാണിച്ചാൽ ഒരു അഡീഷണൽ ഇൻഡന്റ് നടത്തി കുറവ് പരിഹരിക്കാമെന്ന് വിചാരിക്കുകയും അതിനനുസരിച്ച് ഒരു നോട്ട് സമർപ്പിക്കുകയും ഉണ്ടായി. Shortage വന്നുവെന്ന് മനസ്സിലായപ്പോൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ അന്വേഷണം നടത്തുകയും, ഒരു അഡീഷണൽ ഇൻഡന്റ് നൽകി തെറ്റ് തിരുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

എന്നാൽ മറ്റ് സഹപ്രവർത്തകർക്കെതിരെ സദാചാര ലംഘനമുൾപ്പെടെ അക്കമിട്ട് ഏഴ് ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്. അത് മൂലം ഗൂഢാലോചന നടന്നിട്ടാണ് ഇൻഡന്റിൽ കുറവ് വരുത്തിയെന്നാരോപിക്കുന്നു. ആരോപണങ്ങളുടെ ഗൗരവം മനസ്സിലാക്കി ഈ വിഷയം പ്രിൻസിപ്പാൾ, ഡി.എം.ഇ മുതലായ മേലധികാരികളുടെ ശ്രദ്ധയിൽകൊണ്ട് വരുവാൻ കമ്മറ്റി ആഗ്രഹിക്കുന്നു.

ശ്രീ.ജോർജ്ജ് ചാർജ്ജ് എടുത്തതിന് ശേഷം നടപ്പാക്കിയ അഞ്ച് കാര്യങ്ങൾ കമ്മറ്റി അംഗീകരിക്കുകയും തൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു.

അനുമാനങ്ങൾ

1. ഇൻഡന്റിൽ വന്ന കുറവ് അശ്രദ്ധമായും ധൃതിപിടിച്ച് തയ്യാറാക്കിയ തിനാലും സംഭവിച്ചതാണ്.

2. ശ്രീ.അനിൽകുമാറിന് ശ്രീ.ജോർജ്ജിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുവാൻ പ്രാപ്തിയുണ്ടായിട്ടും, സാങ്കേതികത്വം പറഞ്ഞ് കൈകഴുകി. ഇതിൽ ഗൂഢാലോചനയുണ്ടെന്നും ശ്രീ. ജോർജ്ജ് ആരോപിക്കുന്നു.

3. ഇൻഡന്റിൽ വന്ന Shortage മനപ്പൂർവ്വമാണെന്ന് കമ്മറ്റിക്ക് പ്രത്യക്ഷത്തിൽ തോന്നുന്നില്ല. എന്നാൽ സഹപ്രവർത്തകരെ വിശ്വാസത്തിലെടുക്കുവാൻ പരാജയപ്പെട്ടു. അത് ഒരു പക്ഷെ അവർക്കെതിരെ ഉന്നയിച്ച ആരോപണങ്ങളാകും.

Recomends

അതിനാൽ ഫാർമസിയുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ ശക്തമായ ഒരു അന്വേഷണം മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തി നടത്താവുന്നതാണ്.

SUPERINTENDENT
MEDICAL COLLEGE HOSP